**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3174** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **Shri V Sivankutty (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന വിദ്യാകിരണം പദ്ധതിയിൽ നിന്നും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭിക്കേണ്ട വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (എ) | വ്യത്യസ്ത കാരണങ്ങളാൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം മൂലം പഠനം മുടങ്ങുന്ന വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ/ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടാണ് വിദ്യാകിരണം എന്ന പോർട്ടൽ സജ്ജമാക്കി യിട്ടുള്ളത്. സംസ്ഥാനത്തെ ഓരോ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകരും അവരവരുടെ സ്കൂൾ, ലോഗിൻ ഐ.ഡി. ഉപയോഗിച്ച്'സമ്പൂർണ' സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിൽ കുട്ടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദേശിച്ച കൊണ്ടാണ് ഉപകരണങ്ങളില്ലാത്ത കുട്ടികളുടെ എണ്ണം കണ്ടെത്തിയത്. ഓരോ സ്കൂളിലും (A) - 'സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടികൾ', (B) – 'ലോൺ സൗകര്യം ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടികൾ', (C) – 'സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടികൾ' എന്നീ വിഭാഗത്തിലുള്ളവരുടെ വിശദാംശങ്ങളാണ് അതത് സ്കൂൾ മുഖേന ഉൾപ്പെടുത്തിയത്. ഇതിൽ (C) വിഭാഗത്തിലുള്ള കുട്ടികൾക്ക് സാമൂഹ്യ പങ്കാളിത്തത്തോടെ ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിലെയോ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് അനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയോ സംഭാവനകൾ നല്കാൻ ഈ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത ഏതൊരു കുട്ടിക്കും അതാതു സ്കൂളുകളിൽ അപേക്ഷ നൽകാവുന്നതാണ്. സ്കൂൾ മുഖാന്തിരം ഈ വിവരം സമ്പൂർണ്ണ പോർട്ടലിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. വിദ്യാകിരണം വഴി ലഭ്യമാകുന്ന തുകയിൽ നിന്നും |

| | | | |
|---|---|---|---|
| | | | ആവശ്യകതയ്ക്കനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുകയും അപ്രകാരം ലഭ്യമാകുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ